# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2259** **05/12/2018-ൽ മറുപടിക്ക്**

## കോന്നി മണ്ഡലത്തിലെ ഡ്രഗ്സ് കൺട്രോൾ ലാബ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. അടൂർ പ്രകാശ്** | | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| എ) | കോന്നി മണ്ഡലത്തിൽ ഡ്രഗ്സ് കൺട്രോൾ ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ; | എ) | കോന്നി ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയ്ക്ക് അനുവദിച്ച സ്ഥലത്ത് കെട്ടിട നിർമ്മാണത്തിനായി 2015-2016 വർഷം 4.80 കോടി രൂപയും, 2016 – 2017 വർഷം 30 ലക്ഷം രൂപയും കാപ്പിറ്റൽ ഫണ്ടിൽ നിന്നും പൊതുമരാമത്ത് വകുപ്പിന് അനുവദിച്ച് നൽകുകയും, കെട്ടിടം പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പ്, പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ഇതുമായി ബന്ധപ്പെട്ട് കെട്ടിട നിർമാണത്തിനായി ഇൻവെസ്റ്റിഗേഷനും, സ്ട്രക്ചറൽ ഡിസൈനും പൂർത്തിയാക്കിയതായി അറിയിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ ലാബ് പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. |
| ബി) | ഇതിലേയ്ക്ക് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; എങ്കിൽ എന്താണെന്ന് വെളിപ്പെടുത്തുമോ; | ബി) | കെട്ടിട നിർമാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസമുണ്ടെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | ഇതിനെ സംബന്ധിച്ചുള്ള ഫയലുകൾ ഏതെല്ലാം ഓഫീസിൽ പെന്റിംഗിലുണ്ടെന്ന് വെളിപ്പെടുത്തുമോ; | സി) | ഇതുമായി ബന്ധപ്പെട്ട ഫയലുകൾ തിരുവനന്തപുരം ഡ്രഗ്സ് കൺട്രോളറുടെ ഓഫീസിലും, പൊതുമരാമത്ത് വകുപ്പിന്റെ (കെട്ടിട വിഭാഗം), തിരുവനന്തപുരം ചീഫ് എക്സിക്യൂട്ടീവ് എൻജിനിയറുടെ ഓഫീസിലും, പത്തനംതിട്ട എക്സിക്യൂട്ടീവ് എൻജിനിയറുടെ ഓഫീസിലുമാണുള്ളത്. |
| ഡി) | ആയതു പരിഹരിച്ച് ഉടൻ പ്രവർത്തനം ആരംഭിക്കുന്നതിന് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ? | ഡി) | പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ടത് പ്രകാരമാണ് കെട്ടിട നിർമാണത്തിനുള്ള കാലാവധി 17/08/2018 വരെ സർക്കാർ ദീർഘിപ്പിച്ചത്. ഈ കാലാവധി വീണ്ടും ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സർക്കാരിന് ലഭ്യമാക്കുവാൻ പൊതുമരാമത്ത് വകുപ്പിനോട് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ